"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - എറണാകുളം ജില്ല- പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാർക്ക് ശ്രീമതി സിനി തോമസ് -ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1443/2026/LSGD തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.02.2020ലെ DDP-EKM/1087/2019-E4 നമ്പർ നടപടിക്രമങ്ങൾ.
2. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമങ്ങൾ.
3. പഞ്ചായത്ത് ഡയറക്ടറുടെ 21.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമങ്ങൾ.
4. തദ്ദേശസ്വയംഭരണവകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24.05.2025ലെ LSGD/JD/EKM/2309/2025-B2 നമ്പർ നടപടിക്രമങ്ങൾ.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.06.2026 ലെ :LSGD/PD/27234/2025-DEC3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി സിനി തോമസ് -ന്റെ പ്രൊബേഷൻ കാലയളവ് 04.07.2022 തീയതി മുതൽ 06.10.2023 തീയതി വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1) പ്രകാരം ആയവന ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി സിനി തോമസ് 04.03.2020 തീയതി പൂർവ്വാഹത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും പരാമർശം (2), (3) എന്നിവ പ്രകാരം 04.0.7.2019 തീയതി പ്രാബല്യത്തിൽ ടിയാളുടെ സേവനം ക്രമവത്കരിച്ചിട്ടുമുണ്ട്. .പ്രൊബേഷൻ കാലയളവിനെ ബാധിക്കുന്ന യാതൊരു അവധികളും ടിയാൾ ഉപയുക്തമാക്കിയിട്ടില്ലെന്നും പ്രൊബേഷൻ കാലയളവിലെ

ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും, ടിയാളുടെ പേരിൽ വിജിലൻസ് കേസോ, അച്ചടക്കനടപടികളോ നിലവിലില്ലെന്നും ടിയാളുടെ മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾ SLI, GIS,GPF എന്നിവയിൽ അംഗത്വം എടുത്തിട്ടുണ്ട്. ക്ലാർക്ക് തസ്തികയിലെ ടിയാളുടെ നിരീക്ഷണകാലം 03.0.7.2021 തീയതി അപരാഹ്നത്തിൽ സ്വാഭാവികമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, പ്രൊബേഷൻ പൂർത്തീകരണത്തിനുള്ള നിർബന്ധിത വകുപ്പുതല പരീക്ഷയായ MOP പരീക്ഷ ടിയാൾ വിജയിച്ചിട്ടില്ലാതിരുന്ന സാഹചര്യത്തിൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 04.07.2021 തീയതി മുതൽ ഒരു വർഷത്തേക്ക് പരാമർശം (4) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ട്. 04.10.2023 തീയതിയിൽ ടിയാൾ എം ഒ പി പരീക്ഷ വിജയിച്ചിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി സിനി തോമസ് -ന്റെ പ്രൊബേഷൻ 05.10.2023 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 04.07.2022 തീയതി മുതൽ 06.10.2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ.
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4.സെക്രട്ടറി,പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5.ശ്രീമതി സിനി തോമസ് , ക്ലർക്ക് , പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6.ഡയറക്ടർ . ഐ കെ എം.
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
8.കരുതൽ ഫയൽ (ഫയൽ നം.122/ഇപിഎ1/2026-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 05-08-2026
17:45:15

സെക്ഷൻ ഓഫീസർ